"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2പാർട്ടിൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി 30 വർഷത്തേക്ക് പാട്ടത്തിന് നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.303/2025/RD തീയതി,തിരുവനന്തപുരം, 13-10-2025

---

പരാമർശം:- 1. സ.ഉ(എം.എസ്) 298/2022/റവ തീയതി 16/12/2022.

2. കാസർഗോഡ് ജില്ലാ കളക്ടറുടെ 4/3/25 ലെ DCKSGD/10860/2022/C6 നമ്പർ കത്ത്.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05/04/2025-ലെ LR/4172/2021-LR(J10) നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ റീസർവ്വെ നമ്പർ 688/2 പാർട്ടിൽപ്പെട്ടതും ശ്രീ. കേശവൻ ആചാരി, S/o കുഞ്ഞിക്കണ്ണൻ ആചാരി എന്നയാളുടെ പേർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയിട്ടുള്ളതും, പട്ടയ വ്യവസ്ഥ ലംഘിച്ചിട്ടുള്ളതുമായ 0.3966 ഹെക്ടർ ഭൂമിയുടെ പട്ടയം റദ്ദാക്കി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിനും, പ്രസ്തുത ഭൂമി നിലവിലെ കൈവശക്കാരായ ഇൻഡ്യൻ ഓയിൽ - അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്റ്റ് പ്രൈ.ലിമിറ്റഡിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിംഗ് ഫെസിലിറ്റി എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റി.സ 688/2ൽപ്പെട്ട 39.66 ആർ ( 0.98 ഏക്കർ) ഭൂമി ഇൻഡ്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈ.ലിമിറ്റഡിന് പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കിയിരുന്നു.

3) അപേക്ഷക്കാസ്പദമായ വസ്തു കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2ൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമിയാണ്. ടി ഭൂമി ശ്രീ.കേശവൻ ആചാരി, S/o കുഞ്ഞിക്കണ്ണൻ ആചാരി എന്നവർക്ക് പതിച്ച് നൽകിയിരുന്നതും,

വിവിധ കൈമാറ്റങ്ങൾക്ക് ശേഷം നിലവിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശത്തിലായതുമാണ്. ഭൂമി പതിവ് ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് കാണിച്ച് ടി സ്ഥാപനം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, പതിവ് കക്ഷി പതിവ് ലംഘനം നടത്തിയതിനാൽ പതിവ് റദ്ദ് ചെയ്ത് കൊണ്ടും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടി ഭൂമി പാട്ടത്തിന് നൽകുന്നതിന് ശുപാർശ സമർപ്പിക്കാനും സർക്കാർ ഉത്തരവ് ആയിരുന്നു. ശ്രീ.കേശവൻ ആചാരി എന്ന കക്ഷിയുടെ പേരിലുള്ള പതിവ് ഹോസ്ദുർഗ്ഗ് തഹസിൽദാരുടെ 03/05/2024ലെ ജെ2/1810/2024 നമ്പർ നടപടിക്രമം പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. പ്രൊഫോർമ റിപ്പോർട്ട് പ്രകാരം അപേക്ഷക്കാസ്പദമായ വസ്തു 4 വർഷമായി പ്രസ്തുത കമ്പനിയുടെ കൈവശത്തിലാണ്. Eye-sketch, location map എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. മഹസ്സർ പ്രകാരം ടി വസ്തുവിന്റെ അതിരുകൾക്കുള്ളിൽ ചുറ്റുമതിൽ കെട്ടിത്തിരിച്ച് അതിനുള്ളിലായി ഗയിൽ സ്കിഡും അനുബന്ധ പൈപ്പ് ലൈനുകളും ഓഫീസ് കെട്ടിടങ്ങളും നിർമ്മിച്ചിട്ടുള്ളതാണ്. ചാർജ്ജ് ഓഫീസർ സ്ഥലപരിശോധന നടത്തിയതിൽ അപേക്ഷ ക്കാസ്പദമായ ഭൂമി കിടക്കുന്ന സ്ഥലം മാവുങ്കാൽ പാണത്തൂർ സ്റ്റേറ്റ് ഹൈവേ റോഡിൽ കോട്ടപ്പാറ ജംഗ്ഷന് 300 മീറ്റർ മുമ്പായി റോഡിനു കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്നതായും ടി സ്ഥലത്ത് കെട്ടിടങ്ങളും ഓയിൽ പൈപ്പുകളും സ്ഥാപിച്ചി ട്ടുള്ളതായും അതിർത്തിയിൽ നിന്നും ഏകദേശം ഒരു മീറ്റർ അകത്തോട്ടു നീക്കി ഉയരത്തിലായി ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതായും കൃത്യമായ സർവ്വെക്കല്ലുകൾ സ്ഥാപിക്കുന്നതിന് വാക്കാൽ നിർദ്ദേശം നൽകിയതായും അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്തിന്റെ വടക്കു കിഴക്കു ഭാഗത്തായി Gail പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായും കമ്പനി കമ്പി വേലി കെട്ടിയിട്ടുള്ളതായും ടി സ്ഥലത്തെ നിർമ്മാണപ്രവർത്തനങ്ങളുടെ സ്കെച്ച് ഹാജരാക്കിയതായും കാഞ്ഞങ്ങാട് സബ് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടങ്കൽ രജിസ്റ്റർ പ്രകാരം അപേക്ഷക്കാസ്പദമായ വസ്തു AW land എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി വസ്തു ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടപ്പിലാക്കുന്ന city & local gas distribution network, CNG online cum mother station എന്നിവ സ്ഥാപിക്കുന്നതിനു മാത്രമേ ഉപയോഗിക്കു കയുള്ളുവെന്നും, ഉപപാട്ടത്തിന് നൽകുകയില്ലെന്നും സ്റ്റേറ്റ് മെൻറ് നൽകിയിട്ടുണ്ട്.

4) ചട്ടം 12(1) പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധീരിച്ച് ആക്ഷേപങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കാഞ്ഞങ്ങാട് പാണത്തൂർ സ്റ്റേറ്റ് ഹൈവേയോട് ചേർന്നു കിടക്കുന്ന ശിപാർശ ഭൂമി ഉൾപ്പെടുന്ന സ്ഥലം ആർ ഒന്നിന് 3,70,500/- രൂപ (മൂന്നു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ് രൂപ) മാർക്കറ്റ് വിലയുള്ളതായി പ്രാദേശികാന്വേഷണത്തിൽ അറിഞ്ഞതായും ടി ഭൂമിയുടെ സമീപമുള്ളതും സമാനമായ രീതിയിൽ residential plot with NH/PWD road access കാറ്റഗറിയിൽ ഉൾപ്പെട്ട പതിവ് പ്ലോട്ടുകൾക്ക് ജി.ഒ (പി) 45/2023/ടാക്സസ് പ്രകാരം ആർ ഒന്നിന് 1,16,160/-രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി ഒരുന്നൂറ്റി അറുപത് രൂപ) ന്യായവിലയുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 ചട്ടം 13 പ്രകാരം 39.66 ആർ ഭൂമിക്ക് (98 സെന്റ്) വ്യാവസായിക ആവശ്യത്തിന് എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി കമ്പോളവിലയുടെ 5% നിരക്കിൽ 5,07,911/-രൂപ (അഞ്ച് ലക്ഷത്തി ഏഴായിരത്തി തൊള്ളായിരത്തി പതിനൊന്ന് രൂപ) വാർഷികപാട്ടത്തുക നിശ്ചയിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2-ൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിൽ ₹5,07,915/- രൂപ (അഞ്ച് ലക്ഷത്തി ഏഴായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രം) വാർഷിക പാട്ടത്തിന് 2025-26 വർഷം മുതൽ അനുവദിക്കാവുന്നതും, പാട്ടവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെങ്കിൽ തുടർന്നുള്ള കാലയളവിലേക്ക് പാട്ടം പുതുക്കി നൽകാവുന്നതുമാണ് എന്നും തുടർന്നുള്ള വർഷങ്ങളിലെ ന്യായവിലയിലെയും, മറ്റ് അനുബന്ധ വർദ്ധനവുകൾക്കനുസൃതമായി പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. ജി.ഒ.(എം.എസ്) 96/2016/ആർ ഡി നമ്പർ ഉത്തരവിലെ 7(iii) പ്രകാരം Institutions purely of commercial nature and occupying above 400 Sq .M പ്രകാരം കമ്പോള വിലയുടെ 5% പാട്ടനിരക്കിൽ പാട്ടത്തിന് നല്കാവുന്നതാണ്. അപേക്ഷക്കാസ്പദമായ വസ്തു 30 വർഷത്തേക്ക് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പാട്ടത്തിന് അനുവദിക്കാവുന്നതാണ് എന്നാണ് ജില്ല കളക്ടർ ശിപാർശ ചെയ്തിരിക്കുന്നത്. എന്നാൽ, പാട്ടക്കാലാവധി 10 വർഷമായി നിജപ്പെടുത്താവുന്നതും, പാട്ടവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെങ്കിൽ തുടർന്നുള്ള കാലയളവിലേക്ക് പാട്ടം പുതുക്കി നൽകാവുന്നതുമാണ് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരിക്കുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 ptൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/-രൂപ (നാല് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) വാർഷികപാട്ടം ഈടാക്കി 30 വർഷത്തേക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്;

vi) ഓരോ മൂന്ന് വർഷം കൂടുംതോറും നിലവിലെ കമ്പോളവിലയ്ക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണ്;

vii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്;

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത്

നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

7) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസിൽദാർ, ഹോസ്ദുർഗ് താലൂക്ക്
ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കണ്ണൂർ, കേരള -670001
ധനകാര്യ വകുപ്പ് (09/06/2025-ലെ EXP-D3/90/2025-FIN പ്രകാരം )
പൊതുഭരണ (എസ്.സി) വകുപ്പ് ( 08/10/2025-ലെ ഇനം നം.3315 പ്രകാരം )
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 13-10-2025 12:54:56
സെക്ഷൻ ഓഫീസർ.

പകർപ്പ് :ബഹു.മുഖ്യമന്ത്രിയുടെ പി.എസ് ന്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-10-2025

ഫയൽ നം. എം3/68/2025/റവ. ഇനം നം: 3315

വിഷയം : റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ.688/2-ൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി 4,60,695/- രൂപ (നാലു ലക്ഷത്തി അറുപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ) വാർഷികപാട്ടം ഈടാക്കി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Received on 10/10/25 1:12 PM

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3315

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/68/2025/റവ |
| 2. | വകുപ്പ് | റവന്യൂ (എം) വകുപ്പ് |
| 3. | വിഷയം | കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റി.സ 688/2 ൽപ്പെട്ട 39.66 ആർ ( 0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/- രൂപ (നാല് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ)വാർഷികപാട്ടം ഈടാക്കി 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 15.07.2025 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ശ്രീ.എം.ജി രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.09.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.09.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29.09.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.10.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിൽ, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 പാർട്ടിൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/- രൂപ (നാല്പ ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ) വാർഷികപാട്ടം ഈടാക്കി 30 വർഷത്തേക്ക്, നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച കുറിപ്പാണിത്.

2) കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ റീസർവ്വെ നമ്പർ 688/2 പാർട്ടിൽ പ്പെട്ടതും ശ്രീ. കേശവൻ ആചാരി, S/o കുഞ്ഞിക്കണ്ണൻ ആചാരി എന്നയാളുടെ പേർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയിട്ടുള്ളതും, പട്ടയ വ്യവസ്ഥ ലംഘിച്ചിട്ടുള്ളതുമായ 0.3966 ഹെക്ടർ ഭൂമിയുടെ പട്ടയം റദ്ദാക്കി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിനും, പ്രസ്തുത ഭൂമി നിലവിലെ കൈവശക്കാരായ ഇൻഡ്യൻ ഓയിൽ - അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് പ്രൈ.ലിമിറ്റഡിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിംഗ് ഫെസിലിറ്റി എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെ 16/12/2022-ലെ സ.ഉ(എം.എസ്) 298/2022/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റിസ 688/2 ൽപ്പെട്ട 39.66 ആർ ( 0.98 ഏക്കർ) ഭൂമി Indian Oil Adani Gas Pvt Ltd ന് പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ, ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കിയിരുന്നു.

4) അപേക്ഷക്കാസ്പദമായ വസ്തു കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 ൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമിയാണ്. ടി ഭൂമി ശ്രീ.കേശവൻ ആചാരി, S/o കുഞ്ഞിക്കണ്ണൻ ആചാരി എന്നവർക്ക് പതിച്ച് നൽകിയിരുന്നതും, വിവിധ കൈമാറ്റങ്ങൾക്ക് ശേഷം നിലവിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശത്തിലായതുമാണ്. ഭൂമി പതിവ് ചട്ടങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് കാണിച്ച് ടി സ്ഥാപനം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, പതിവ് കക്ഷി പതിവ് ലംഘനം നടത്തിയതിനാൽ പതിവ് റദ്ദ് ചെയ്ത് കൊണ്ടും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ടി ഭൂമി പാട്ടത്തിന് നൽകുന്നതിന് ശുപാർശ സമർപ്പിക്കാനും സർക്കാർ ഉത്തരവ്

ആയിരുന്നു. ശ്രീ.കേശവൻ ആചാരി എന്ന കക്ഷിയുടെ പേരിലുള്ള പതിവ് ഹോസ്ദുർഗ്ഗ് തഹസിൽദാരുടെ 3/5/2024 ലെ ജെ2/1810/2024 നമ്പർ നടപടിക്രമം പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. പ്രൊഫോർമ റിപ്പോർട്ട് പ്രകാരം അപേക്ഷക്കാസ്പദമായ വസ്തു 4 വർഷമായി പ്രസ്തുത കമ്പനിയുടെ കൈവശത്തിലാണ്. Eye-sketch , location map എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. മഹസ്സർ പ്രകാരം ടി വസ്തുവിന്റെ അതിരുകൾക്കുള്ളിൽ ചുറ്റുമതിൽ കെട്ടിതിരിച്ച് അതിനുള്ളിലായി ഗയിൽ സ്കിഡും അനുബന്ധ പൈപ്പ് ലൈനുകളും ഓഫീസ് കെട്ടിടങ്ങളും നിർമ്മിച്ചിട്ടുള്ളതാണ്. ചാർജ്ജ് ഓഫീസർ സ്ഥലപരിശോധന നടത്തിയതിൽ അപേക്ഷക്കാസ്പദമായ ഭൂമി കിടക്കുന്ന സ്ഥലം മാവുങ്കാൽ പാണത്തൂർ സ്റ്റേറ്റ് ഹൈവേ റോഡിൽ കോട്ടപ്പാറ ജംഗ്ഷൻ 300 മീറ്ററിന് മുമ്പായി റോഡിനു കിഴക്ക ഭാഗത്തായി സ്ഥിതി ചെയ്യുന്നതായും ടി സ്ഥലത്ത് കെട്ടിടങ്ങളും ഓയിൽ പൈപ്പുകളും സ്ഥാപിച്ചിട്ടുള്ളതായും അതിർത്തിയിൽ നിന്നും ഏകദേശം ഒരു മീറ്റർ അകത്തോട്ടു നീക്കി ഉയരത്തിലായി ചുറ്റുമതിൽ നിർമ്മിച്ചിട്ടുള്ളതായും കൃത്യമായ സർവ്വെക്കല്ലുകൾ സ്ഥാപിക്കുന്നതിന് വാക്കാൽ നിർദ്ദേശം നൽകിയതായും അറിയിച്ചിട്ടുണ്ട്. ടി സ്ഥലത്തിന്റെ വടക്ക കിഴക്ക ഭാഗത്തായി Gail പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ളതായും കമ്പനി കമ്പി വേലി കെട്ടിയിട്ടുള്ളതായും ടി സ്ഥലത്തെ നിർമ്മാണപ്രവർത്തനങ്ങളുടെ സ്കെച്ച് ഹാജരാക്കിയതായും കാഞ്ഞങ്ങാട് സബ് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അടങ്കൽ രജിസ്റ്റർ പ്രകാരം അപേക്ഷക്കാസ്പദമായ വസ്തു AW land എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി വസ്തു ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടപ്പിലാക്കുന്ന city & local gas distribution network, CNG online cum mother station എന്നിവ സ്ഥാപിക്കുന്നതിനു മാത്രമേ ഉപയോഗിക്കുകയുള്ളുവെന്നും, ഉപപാട്ടത്തിന് നൽകുകയില്ലെന്നും സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ട്.

5) ചട്ടം 12(1) പ്രകാരമുള്ള നോട്ടീസ് പ്രസിദ്ധീരിച്ച് ആക്ഷേപങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കാഞ്ഞങ്ങാട് പാണത്തൂർ സ്റ്റേറ്റ് ഹൈവേയോട് ചേർന്നു കിടക്കുന്ന ശിപാർശ ഭൂമി ഉൾപ്പെടുന്ന സ്ഥലം ആർ ഒന്നിന് 3,70,500/- രൂപ (മൂന്നു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ് രൂപ) മാർക്കറ്റ് വിലയുള്ളതായി പ്രാദേശികാന്വേഷണത്തിൽ അറിഞ്ഞതായും ടി ഭൂമിയുടെ സമീപമുള്ളതും സമാനമായ രീതിയിൽ residential plot with NH/PWD road access കാറ്റഗറിയിൽ ഉൾപ്പെട്ട പതിവ് പ്ലോട്ടുകൾക്ക് ജി.ഒ (പി) 45/2023/ടാക്സസ് പ്രകാരം ആർ ഒന്നിന് 1,16,160/--രൂപ (ഒരു ലക്ഷത്തി പതിനാറായിരത്തി ഒരുന്നൂറ്റി അറുപത് രൂപ)ന്യായവിലയുള്ളതാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964 ചട്ടം 13 പ്രകാരം 39.66 ആർ ഭൂമിക്ക് (98 സെന്റ്) വ്യാവസായിക ആവശ്യത്തിന് എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി കമ്പോളവിലയുടെ 5%

നിരക്കിൽ 5,07,911/-രൂപ (അഞ്ച് ലക്ഷത്തി ഏഴായിരത്തി തൊള്ളായിരത്തി പതിനൊന്ന് രൂപ) വാർഷികപാട്ടത്തുക നിശ്ചയിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 ൽപ്പെട്ട 39.66 ആർ ( 0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിൽ ₹5,07,915/- രൂപ (അഞ്ചു ലക്ഷത്തി ഏഴായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രം) വാർഷിക പാട്ടത്തിന് 2025-26 വർഷം മുതൽ അനുവദിക്കാവുന്നതും, പാട്ടവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെങ്കിൽ തുടർന്നുള്ള കാലയളവിലേക്ക് പാട്ടം പുതുക്കി നൽകാവുന്നതുമാണ് എന്നും തുടർന്നുള്ള വർഷങ്ങളിലെ ന്യായവിലയിലെയും, മറ്റ് അനുബന്ധ വർദ്ധനവുകൾക്കനുസൃതമായി പാട്ടനിരക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണെന്നും ലാൻഡ് റവന്യു കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

7) ജി.ഒ.(എം.എസ്) 96/2016/ആർ ഡി നമ്പർ ഉത്തരവിലെ 7(iii) പ്രകാരം Institutions purely of commercial nature and occupying above 400 Sq .M പ്രകാരം കമ്പോള വിലയുടെ 5% പാട്ടനിരക്കിൽ പാട്ടത്തിന് നല്കാവുന്നതാണ്. അപേക്ഷക്കാസ്പദമായ വസ്തു 30 വർഷത്തേക്ക് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പാട്ടത്തിന് അനുവദിക്കാവുന്നതാണ് എന്നാണ് ജില്ല കലക്ടർ ശിപാർശ ചെയ്തിരിക്കുന്നത്. എന്നാൽ, പാട്ടക്കാലാവധി 10 വർഷമായി നിജപ്പെടുത്താവുന്നതും, പാട്ടവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെങ്കിൽ തുടർന്നുള്ള കാലയളവിലേക്ക് പാട്ടം പുതുക്കി നൽകാവുന്നതുമാണ് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരിക്കുന്നു. ഗ്യാസ് പൈപ്പ് ലൈൻ എന്നത് ഒരു priority project എന്ന നിലയിൽ പൊതുതാത്പര്യം, തൊഴിൽ സാധ്യത എന്നിവ മുൻ നിർത്തി 30 വർഷത്തേക്ക് പാട്ടത്തിന് നല്കുന്നതാണ് അഭികാമ്യം. ജി.ഒ.(പി) 44/2018/ധന തീയതി 17/03/2018, ജി.ഒ.(പി)28/2019/ധന തീയതി 08/03/2019 പ്രകാരമുള്ള വർദ്ധനവുകൾ ചേർത്താണ് ലാന്റ് റവന്യൂ കമ്മീഷണർ പാട്ടം ശിപാർശ ചെയ്തിട്ടുള്ളത്. എന്നാൽ സമാന കേസിൽ സേവന നികുതി ഒഴിവാക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

8) കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 ൽപ്പെട്ട 39.66 ആർ (0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/-രൂപ (നാല് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ )

വാർഷികപാട്ടം ഈടാക്കി 30 വർഷത്തേക്ക് നിലവിലെ നിബന്ധനകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടുകയുണ്ടായി :-

"ഗ്യാസ് പൈപ്പ് ലൈൻ എന്നത് ഒരു priority project എന്ന നിലയിൽ പൊതു താത്പര്യം, തൊഴിൽ സാധ്യത എന്നിവ മുൻ നിർത്തി, കാസർഗോഡ് ജില്ല, ഹോസ്ദുർഗ്ഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 ൽ പ്പെട്ട 39.66 ആർ( 0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ. സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/- രൂപ (നാല് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ ) വാർഷികപ്പാട്ടം ഈടാക്കി 30 വർഷത്തേയ്ക്ക് നിലവിലെ പാട്ട നിബന്ധനകൾക്കും മന്ത്രിസഭയുടെ അനുമതിയ്ക്കും വിധേയമായി പാട്ടത്തിന് നൽകുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു.

ഈ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്."

9) കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 ൽപ്പെട്ട 39.66 ആർ ( 0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/- രൂപ (നാല് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) വാർഷികപാട്ടം ഈടാക്കി 30 വർഷത്തേക്ക്, നിലവിലെ പാട്ട വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി മുഖേന ബഹു മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി .

## തീരുമാനിക്കേണ്ട വിഷയം

കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ അമ്പലത്തറ വില്ലേജിൽ റീ.സ 688/2 pt ൽപ്പെട്ട 39.66 ആർ ( 0.98 ഏക്കർ) ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി.എൻ.ജി ഫില്ലിങ്ങ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനായി ₹4,60,695/- രൂപ (നാല് ലക്ഷത്തി അറുപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ) വാർഷികപാട്ടം ഈടാക്കി 30 വർഷത്തേക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക്

വിധേയമായി പാട്ടത്തിന് നല്കാവുന്നതാണോ ?

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii)ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് തന്നെ സംരക്ഷിച്ച നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi)ഓരോ മൂന്ന് വർഷം കൂടുംതോറും നിലവിലെ കമ്പോളവിലയ്ക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണ്.

vii)പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്ന മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

റവന്യൂ-കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ റീസർവ്വെ നമ്പർ 688/2 പാർട്ടിൽപ്പെട്ടതും ശ്രീ. കേശവൻ ആചാരി, S/o കഞ്ഞിക്കണ്ണൻ ആചാരി എന്നയാളുടെ പേർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയിട്ടുള്ളതും, പട്ടയ വ്യവസ്ഥ ലംഘിച്ചിട്ടുള്ളതുമായ 0.3966 ഹെക്ടർ ഭൂമിയുടെ പട്ടയം റദ്ദാക്കി സർക്കാരിൽ പുനർ നിക്ഷിപ്തമാക്കുന്നതിനും, പ്രസ്തുത ഭൂമി നിലവിലെ കൈവശക്കാരായ ഇൻഡ്യൻ ഓയിൽ - അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് പ്രൈ.ലിമിറ്റഡിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി. എൻ. ജി ഫില്ലിംഗ് ഫെസിലിറ്റി എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി നിലവിലെ പാട്ട വ്യവസ്ഥകൾ പ്രകാരം പാട്ടത്തിന് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.298/2022/RD തീയതി,തിരുവനന്തപുരം, 16-12-2022

---

പരാമർശം:-

1. ഇൻഡ്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച 04/09/2021-ലെ അപേക്ഷ.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 18/08/2021, 04.06.2022, 17.6.2022, 01/09/2022 തീയതികളിലെ DCKSGD/4295/2020/D3 നമ്പർ കത്തുകൾ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23/10/2021 -ലെ എൽ.ആർ.(ജെ)6-4172/2021 നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ റീസർവ്വെ നമ്പർ 688/2 എ പാർട്ട് -1, 688/2എ പാർട്ട് -2 എന്നിവയിൽപ്പെടുന്ന വസ്തുവിൽ ഇൻഡ്യൻ ഓയിൽ -അദാനി ഗ്യാസ് പ്രൈ.ലിമിറ്റഡിന്റെ കീഴിൽ സിറ്റി ഗേറ്റ് സ്റ്റേഷൻ , സി.എൻ.ജി ഫില്ലിംഗ് ഫെസിലിറ്റി എന്നിവ സ്ഥാപിക്കുന്നതിന് ഭൂമി പതിവ് ചട്ടങ്ങളിൽ ഇളവനുവദിക്കണമെന്നാവശ്യപ്പെട്ട് ഇൻഡ്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് പരാമർശം (1) അപേക്ഷ സമർപ്പിച്ചിരുന്നു

2) സി.എൻ.ജി ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വേണ്ടി നിർദ്ദേശിക്കപ്പെട്ട സ്ഥലം അമ്പലത്തറ വില്ലേജിൽ റീസർവ്വെ നമ്പർ 688/2 പാർട്ടിൽപെടുന്ന 0.3966 ഹെക്ടർ വസ്തുവാണെന്നും വില്ലേജ് റെക്കോർഡുകൾ പ്രകാരം പ്രസ്തുത ഭൂമി ശ്രീ. കേശവൻ ആചാരി, S/o കഞ്ഞിക്കണ്ണൻ ആചാരി എന്നയാളുടെ പേർക്ക് കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയിട്ടുള്ളതും നിലവിൽ ഇൻഡ്യൻ ഓയിൽ -അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് പ്രൈ.ലിമിറ്റഡിന്റെ പേരിൽ നിലനിൽക്കുന്നതുമാണ് എന്ന് പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ

കമ്മീഷണർ അറിയിച്ചിരുന്നു.

3) 1964 ലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ പ്രകാരം പതിവ് വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തുന്ന പക്ഷം പട്ടയം റദ്ദ് ചെയ്ത് തിരിച്ചെടുക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതായും, ബഹു. കേരള ഹൈക്കോടതി WP(C) 32143, 32145/16 നമ്പർ കേസുകളുടെ വിധിന്യായത്തിൽ "The subsequent assignee of the original pattadar cannot claim any right, other than conferred on the original assignee, which assignment on registry was specially for the purpose of personal cultivation. When land is assigned to pattadar for personal cultivation, subsequent assignees would not be entitled to make any construction or commercial activity. Passage of time would not change the character of assignment." എന്ന് ഉത്തരവായിട്ടുള്ളതാണെന്നും ഈ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

4) ഭൂമി പതിവ് വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ശ്രീ. കേശവൻ ആചാരി, S/o കുഞ്ഞിക്കണ്ണൻ ആചാരി എന്നയാൾക്ക് പതിച്ച് നൽകിയ ഭൂമി തിരിച്ചെടുക്കാവുന്നതും ആയത് സർക്കാരിന് പതിവ് ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ നിർദ്ദിഷ്ട ഭൂമിക്ക് നൽകിയ പട്ടയം റദ്ദാക്കേണ്ടതും ഭൂമി തിരിച്ചെടുക്കേണ്ടതും തുടർന്ന് അർഹരായവരുടെ പേർക്ക് നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പാട്ടം/പട്ടയം അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതുമാണെന്നും എത്ര കൈമാറ്റം കഴിഞ്ഞാലും original assignee ക്കു എന്താവശ്യത്തിനാണോ ഭൂമി പതിച്ചു കൊടുത്തത് ആ ആവശ്യത്തിലേക്കായി മാത്രമേ പിന്നീടുള്ള കൈവശക്കാർക്കും ഭൂമി ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്ന കോടതി വിധികളുടെ വെളിച്ചത്തിൽ, നിലവിൽ ഭൂമി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈ.ലിമിറ്റഡിന്റെ കൈവശത്തിലുള്ളതാണെങ്കിലും, സിറ്റി ഗേറ്റ് സ്റ്റേഷൻ , സി.എൻ.ജി ഫില്ലിംഗ് ഫെസിലിറ്റി എന്നിവ സ്ഥാപിക്കുന്നതിനു NOC അനുവദിക്കാൻ സാധിക്കുകയില്ല എന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

5) 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 8(2) പ്രകാരം പതിച്ച് കിട്ടിയ ഭൂമി ഒരു വർഷത്തിനുള്ളിൽ പതിച്ച് നൽകിയ ആവശ്യത്തിനായി വിനിയോഗിച്ചിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചട്ടം 8(3) ൽ അനുശാസിക്കും പ്രകാരം ടി പതിവ് റദ്ദാക്കപ്പെടേണ്ടതാണ്. ശ്രീ.എൻ കേശവൻ ആചാരിക്ക് പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യത്തിന് ഉപയോഗിച്ചതായി കാണുന്നില്ല എന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീ. എൻ. കേശവൻ ആചാരി S/oകുഞ്ഞിക്കണ്ണൻ ആചാരി എന്നവർക്കു പതിച്ചു കിട്ടിയ ഭൂമി ഹോസ്ദുർഗ്ഗ് SRO യുടെ 1755/2009, 1754/2009 നമ്പർ ആധാരങ്ങൾ പ്രകാരം യഥാക്രമം നരന്തട്ട കേളു നമ്പ്യാർ, വള്ളിയോടൻ കാർത്ത്യായനി എന്നിവർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതാണ്. ടി സ്ഥലം പിന്നീട് പല കൈമാറ്റങ്ങൾക്കു ശേഷം എച് ആനന്ദ കമ്മത്ത്, S/o എച്. വിത്തൽ കമ്മത്ത് എന്നവർക്ക് സിദ്ധിക്കുകയും ടിയാളിൽ നിന്നും ഹോസ്ദുർഗ്ഗ് SRO യുടെ 1259/2020 നമ്പർ ആധാര പ്രകാരം ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി വാങ്ങി നികുതിയടച്ചു കൈവശം വച്ചു വരുന്നതുമാണ്.

6) മേൽ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിൽ റീസർവ്വെ നമ്പർ 688/2 പാർട്ടിൽപ്പെട്ടതും ശ്രീ. കേശവൻ ആചാരി, S/o കുഞ്ഞിക്കണ്ണൻ ആചാരി എന്നയാളുടെ പേർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയിട്ടുള്ളതും, പട്ടയ വ്യവസ്ഥ ലംഘിച്ചിട്ടുള്ളതുമായ 0.3966 ഹെക്ടർ ഭൂമിയുടെ പട്ടയം റദ്ദാക്കി സർക്കാരിൽ

പുനർ നിക്ഷിപ്തമാക്കുന്നതിനും, പ്രസ്തുത ഭൂമി നിലവിലെ കൈവശക്കാരായ ഇൻഡ്യൻ ഓയിൽ - അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് പ്രൈ.ലിമിറ്റഡിന് സിറ്റി ഗേറ്റ് സ്റ്റേഷൻ, സി. എൻ. ജി ഫില്ലിംഗ് ഫെസിലിറ്റി എന്നിവ സ്ഥാപിക്കുന്നതിനു വേണ്ടി നിലവിലെ പാട്ട വ്യവസ്ഥകൾ പ്രകാരം പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
തഹസിൽദാർ, ഹോസ്ദുർഗ് താലൂക്ക്.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ഇൻഡ്യൻ ഓയിൽ -അദാനി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പ്രോജക്ട് പ്രൈ.ലിമിറ്റഡ്,
കണ്ണൂർ കേരള-670001
നിയമ വകുപ്പ് ( 10/01/2021-ലെ 22165/ഉപദേശ ജി2/21/നിയമം പ്രകാരം)
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (14.12.2022 ലെ ഇനം. 1232 പ്രകാരം )
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Kumari Sindhu S
Date: 16-12-2022 16:19:45
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.റവന്യൂ വകുപ്പ മന്ത്രിയുടെ പി.എസ്സ്. -ന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്
അണ്ടർ സെക്രട്ടറിക്ക്